**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2773** **10-03-2025 - ൽ മറുപടിയ്ക്ക്**

**വിദേശ പഠനത്തിന് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാരിന്റെ കാലത്ത് ഉന്നത വിദ്യാഭ്യാസത്തിനായി വിദേശത്ത് പോകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം എത്ര വിദ്യാർത്ഥികൾക്ക് സഹായം നൽകിയിട്ടുണ്ട്; ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | നിലവിലെ സർക്കാരിന്റെ കാലത്ത് ഉന്നത വിദ്യാഭ്യാസത്തിനായി വിദേശത്ത് പോകുന്ന 45 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ 9,67,28,895/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഈ അക്കാദമിക വർഷം വിദ്യാഭ്യാസ സഹായത്തിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം നൽകുമോ; അപേക്ഷകൾ അംഗീകരിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ? | (ബി) | ഈ അക്കാദമിക വർഷം 26 പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അപേക്ഷകൾ ലഭിച്ചു. ആയതിൽ നിന്നും മാനദണ്ഡപ്രകാരമുള്ള 9 അപേക്ഷകൾ അംഗീകരിക്കുകയും 17 അപേക്ഷകൾ നിരസിക്കുകയും ചെയ്തു.<br><br>അപേക്ഷകൾ അംഗീകരിക്കുന്നതിന്റെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു<br><br>1. കേരള സംസ്ഥാനത്തെ സ്ഥിരതാമസക്കാരനായിരിക്കണം<br>2. യോഗ്യതാ പരീക്ഷയിൽ 55% മാർക്ക് ലഭിച്ചിരിക്കണം<br>3. 35 വയസ്സിന് താഴെ പ്രായമുള്ളവരായിരിക്കണം<br>4. ഡിഗ്രി തലത്തിന് മുകളിലുള്ള പി ജി, പിജി ഡിപ്ലോമ, എംഫിൽ, പി എച്ച്ഡി, പോസ്റ്റ് ഡോക്ടറൽ പ്രോഗ്രാമുകൾ തുടങ്ങിയ കോഴ്സുകൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുക<br>5. അപേക്ഷകൻ സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരായിരിക്കരുത്<br>6. ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ സ്കോളർഷിപ്പ് അനുവദിക്കുകയുള്ളൂ |

| | | | |
|---|---|---|---|
| | | | 7. വിദേശ യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടിയതിന് ശേഷമുള്ള അപേക്ഷ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ